02 DEC 2019

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

77948

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഗീത തങ്കപ്പൻ, കൺസൾട്ടന്റ് (അനസ്തേഷ്യ) - നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2712/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 14/11/2019

---

പരാമർശം:- 1 സ.ഉ (സാധ) നം.745/2016/ആകുവ തീയതി 02.03.2016.

2 സ.ഉ (സാധ) നം.779/2016/ആകുവ തീയതി 04.03.2016.

3 സ.ഉ (സാധ) നം.2192/2016/ആകുവ തീയതി 08.08.2016.

4 ഡോ.ഗീത തങ്കപ്പൻ സമർപ്പിച്ച 16.08.2016-ലെ അപേക്ഷ (Annexure MA1)

5 ഡോ.ഗീത തങ്കപ്പൻ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് മുൻപാകെ ഫയൽ ചെയ്ത OA (EKM) നം.455/2016-മേലുള്ള 30.08.2016-ലെ വിധിന്യായം.

6 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.07.2017-ലെ ഇ.എ1-2865/2017/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഗീത തങ്കപ്പന് കൺസ്ൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഇരിങ്ങാലക്കുട താലൂക്കാസ്ഥാന ആശുപത്രിയിൽ നിയമിക്കുകയുണ്ടായി. എന്നാൽ, പരാമർശം 2 സർക്കാർ ഉത്തരവു പ്രകാരം പരാമർശം 1 സർക്കാർ ഉത്തരവിനെ പരിഷ്കരിച്ചുകൊണ്ട് ചില മെഡിക്കൽ ഓഫീസർമാരുടെ നിയമനങ്ങളിൽ മാറ്റം വരുത്തിയിരുന്നു. അപ്രകാരം പരിഷ്കരിച്ച ഉത്തരവ് പ്രകാരം അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച ഡോ.ആരതി.സി-യെ ഇരിങ്ങാലക്കുട താലൂക്കാസ്ഥാന ആശുപത്രിയിൽ നിയമിക്കുകയുണ്ടായി. പരാമർശം 1 ഉത്തരവ് പ്രകാരം ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിൽ നിയമിതയായിരുന്ന ഡോ.ഗീത തങ്കപ്പന് പുനർ നിയമനം

നൽകിയിരുന്നുമില്ല. ഡോ.ആരതി.സി, ഇരിങ്ങാലക്കുട താലൂക്കാസ്ഥാന ആശുപത്രിയിൽ പ്രവേശിക്കുകയും, ഡോ.ഗീത തങ്കപ്പൻ പ്രസ്തുത നിയമനത്തിനെതിരെ ബഹു:ട്രിബ്യൂണൽ മുൻപാകെ OA (EKM) No.455/2016 ഫയൽ ചെയ്യുകയും, പ്രസ്തുത ഒ.എ-യിന്മേലുള്ള ബഹു:ട്രബ്യൂണലിന്റെ 05.08.2016-ലെ വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം 3 ഉത്തരവ് പ്രകാരം, ഡോ.ആരതി.സി-യെ മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിലും, ഡോ.ഗീത തങ്കപ്പനെ ഇരിങ്ങാലക്കുട താലൂക്കാസ്ഥാന ആശുപത്രിയിലും നിയമിക്കുകയുണ്ടായി.

2) പരാമർശം 4 അപേക്ഷ പ്രകാരം, നിയമനത്തിനായി കാത്തു നിന്ന 02.03.2016 മുതൽ 12.08.2016 വരെയുള്ള കാലളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും, സീനിയോരിറ്റിക്കും പരിഗണിക്കണമെന്നാവശ്യപ്പെട്ട് ഡോ.ഗീത തങ്കപ്പൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ ബഹു:ട്രിബ്യൂണൽ മുൻപാകെ ഡോ.ഗീത തങ്കപ്പൻ ഫയൽ ചെയ്ത OA (EKM) No.455/2016 -ന്റെ Annexure MA1 ആയി ഫയൽ ചെയ്യുകയും, പരാമർശം 5 പ്രകാരമുള്ള ബഹു: ട്രിബ്യൂണലിന്റെ വിധിന്യായത്തിൽ, പരാമർശം 4 പ്രകാരമുള്ള അപേക്ഷയിന്മേൽ, ഡോ.ഗീത തങ്കപ്പനെ നേരിൽ കേട്ടതിനു ശേഷം രണ്ട് മാസത്തിനുള്ളിൽ ഒന്നാം എതിർ കക്ഷി (ആരോഗ്യ വകുപ്പ് സെക്രട്ടറി) ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവാകുകയുമുണ്ടായി.

3) പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഡോ.ഗീത തങ്കപ്പനെ 22.11.2016-ൽ നേരിൽ കേൾക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും, ഡോക്ടർ പ്രസ്തുത ദിവസം ഹാജരാകുകയുണ്ടായില്ല.

4) മേൽ സാഹചര്യത്തിൽ, സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും, ഡോ.ഗീത തങ്കപ്പൻ നിയമനത്തിനായി കാത്തുനിന്ന 02.03.2016 മുതൽ 12.08.2016 വരെയുള്ള കായളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി, ഡോ.ഗീത തങ്കപ്പന്റെ ജൂനിയറായ ഡോ.ആരതി.സി കൺസൾട്ടന്റ് തസ്തികയിൽ ചുമതലയേറ്റ 05.03.2016 മുതൽ ഡോ.ഗീത തങ്കപ്പന് കൺസൾട്ടന്റ് തസ്തികയുമായി ബന്ധപ്പെട്ട സേവനവേതനാനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

5) ബഹ:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 5 പ്രകാരമുള്ള വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം).

**രമേഷ് . ജി.ആർ,**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
ഡോ. ഗീത തങ്കപ്പൻ, കൺസൾട്ടന്റ് (അനസ്തേഷ്യ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നം: ഇ.എ1- 2865/17/ആ.വ.ഡ തീയതി 11.03.2020</u>**
**അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.**

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**